www.landwaynews.com
LANDWAY
BRINGING YOU CLOSER TO GOD
# ലാൻഡ്‌വേ NEWS
Kerala Edition
12 ആഗസ്റ്റ് August 2021
സത്യം സമത്വം സാഹോദര്യം
Volume No.1 • Issue No.224 Yearly Subscription: INR = 730/- • Published From Pathanamthitta • Mail: landwaynews@gmail.com • Head Office: +91 9447440441

## ഓണം വീട്ടിനുള്ളിൽ തന്നെ ചെലവഴിക്കണമെന്ന് മുഖ്യമന്ത്രി



**ഓണക്കാലവും നിയന്ത്രണങ്ങളിലെ ഇളവും കണക്കിലെടുത്ത് കേരളത്തിൽ വരും ദിവസങ്ങളിൽ കോവിഡ് കേസുകൾ വൻ തോതിൽ കൂടുമെന്ന് കേന്ദ്രസംഘം മുന്നറിയിപ്പ് നൽകിയിരുന്നു.**

**ഇ**നിയും രോഗം വരാത്ത 50 ശതമാനം പേർ കേരളത്തിലുണ്ടെന്നും അതുകൊണ്ട് ഓണാഘോഷം മലയാളികൾ വീടിനുള്ളിൽ ആക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഓണക്കാലത്ത് തിരക്ക് കൂടുന്നതിനാൽ കേസുകൾ കുത്തനെ കൂടുമെന്ന കേന്ദ്രസംഘത്തിന്റെ മുന്നറിയിപ്പിന്റെ സാഹചര്യത്തിലാണ് മുഖ്യ

മന്ത്രിയുടെയും മുന്നറിയിപ്പ്. ഓണാഘോഷം കുടുംബങ്ങളിൽ നടക്കട്ടെയെന്നായിരുന്നു മുഖ്യമന്ത്രി പറഞ്ഞത്. ഓണക്കാലവും നിയന്ത്രണങ്ങളിലെ ഇളവും കണക്കിലെടുത്ത് കേരളത്തിൽ വരും ദിവസങ്ങളിൽ കോവിഡ് കേസുകൾ വൻതോതിൽ കൂടുമെന്ന് കേന്ദ്രസംഘം മുന്നറിയിപ്പ് നൽകിയിരുന്നു. കേരളത്തിന്റെ കോവിഡ് മാനദണ്ഡങ്ങൾ പിഴച്ചതായും കേന്ദ്രം ചൂണ്ടിക്കാട്ടിയിരുന്നു.

ഓഗസ്റ്റ് 20ഠ തീയതിയാകുമ്പോഴേക്കും ആകെ 4.6 ലക്ഷം കേസുകൾ റിപ്പോർട്ട് ചെയ്തേക്കുമെന്നാണ് കേന്ദ്രം നൽകുന്ന മുന്നറിയിപ്പ്.

രോഗവ്യാപനത്തിന് കാരണമായത് ഹോം ഐസലേഷൻ നടപ്പാക്കുന്നതിലും പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും കേരളത്തിന് വീഴ്ചയുണ്ടായത് രോഗവ്യാപനത്തിന് കാരണമായെന്നും കേന്ദ്രം കുറ്റപ്പെടുത്തി.

ഓണാഘോഷം, ടൂറിസം കേന്ദ്രങ്ങൾ തുറന്നത്, നിയന്ത്രണങ്ങളിലെ ഇളവുകൾ എന്നിവ തിരിച്ചടിയാകുമെന്നും കേന്ദ്രസംഘം വിലയിരുത്തി. landwaynews.com

## ന്യൂയോർക്ക് ഗവർണർ രാജിവച്ചു



**ലൈം**ഗികാരോപണങ്ങളിൽ രാജി സമ്മർദ്ദം കനത്തതിന് പിന്നാലെ ന്യൂയോർക്ക് ഗവർണർ ആൻഡ്ര്യൂ കുമോ രാജിവച്ചു. എനിക്ക് ഏറ്റവും നല്ല വഴി സ്ഥാനം ഒഴിയുകയാണ് അത് ചെയ്യുന്നു കുമോ ചൊവ്വാഴ്ച അറിയിച്ചു. 14 ദിവസത്തിനുള്ളിൽ കുമോയുടെ രാജി പ്രാബല്യത്തിൽ വരും. തുടർന്ന് അധികാരം ലെഫ്റ്റനന്റ് ഗവർണർ കാത്തി ഹോച്ചലിന് കൈമാറും.

രാജിവച്ചൊഴിയണമെന്ന് ന്യൂയോർക്കിലെ മൂന്നിൽ രണ്ട് സെനറ്റർമാർ ഉൾപ്പെടെ നിരവധി പേർ രാജിവക്കണമെന്ന് ആൻഡ്ര്യൂ കുമോയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അദ്ദേഹം തയാറായിരുന്നില്ല. ഡെമോക്രാറ്റിക് പാർട്ടി അംഗമായി ഇദ്ദേഹത്തിനെതിരെ പാർട്ടി അംഗങ്ങൾ തന്നെ രംഗത്ത് എത്തിയിരുന്നു.

പതിനൊന്ന് സ്ത്രീകളാണ് ഗവർണർക്കെതിരെ ലൈംഗികാരോപണം ഉന്നയിച്ചത്. എന്നാൽ ഇതിനെയെല്ലാം കുമോ നിഷേധിക്കുകയായിരുന്നു ഇതുവരെ. പിന്നീട് സ്വന്തം പാർട്ടിയിൽ നിന്നുപോലും എതിർപ്പുയർന്ന് സംഭവം ഇംപീച്ച്മെന്റ് നടപടികളിലേക്ക് കടന്നപ്പോഴാണ് കുമോ രാജിക്ക് തയാറായത്. ഇതിന് പുറമേ ചില ഇന്റലിജൻസ് അന്വേഷണങ്ങളിൽ ഇദ്ദേഹത്തിനെതിരെ ആരോപണത്തിൽ കഴമ്പുള്ളതായി ഉണ്ടെന്ന രീതിയിൽ വാർത്തകളും വന്നിരുന്നു. landwaynews.com

## മുൻ ആർഎസ്എസ് നേതാവ് അറസ്റ്റിൽ



**എച്ച്**ഡിബി നിധി ലിമിറ്റഡ് ചെയർമാൻ സുരേഷ് കൃഷ്ണയാണ് അറസ്റ്റിലായത്. നിക്ഷേപം വാങ്ങി കബളിപ്പിച്ചുവെന്ന പരാതിയിലാണ് നടപടി. ബാങ്കിനെതിരെ ഏഴു പേരാണ് പരാതി നൽകിയത്. ബിജെപി- ആർ എസ് എസ് പ്രവർത്തകരായിരുന്നു പരാതിക്കാർ.

2020 ൽ ആണ് ചെർപ്പുളശ്ശേരിയിൽ പണമിടപാട് സ്ഥാപനം തുടങ്ങാനെന്ന പേരിൽ സുരേഷ് കൃഷ്ണയുടെ നേതൃത്വത്തിൽ കമ്പനി രൂപീകരിക്കുന്നത്. എന്നാൽ സ്ഥാപനം തുടങ്ങാതെ ഓഹരി നിക്ഷേപകരെ വഞ്ചിച്ചതായാണ് പരാതി. landwaynews.com

**ഇന്നലെരോഗം സ്ഥിരീകരിച്ചത്**

**23,500 പേർക്ക്**

www.landwaynews.com

## എടിഎമ്മിൽ പണമില്ലെങ്കിൽ ബാങ്കിന് പിഴ




**എ.**ടി.എമ്മിൽ പണമില്ലെങ്കിൽ ബാങ്കുകൾക്ക് പിഴ ചുമത്താൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. എ.ടി.എമ്മുകളിൽ പണം ലഭ്യമല്ലാത്തതുമൂലം പൊതുജനത്തിനുണ്ടാകുന്ന അസൗകര്യങ്ങൾ കണക്കിലെടുത്താണ് തീരുമാനം.

പൊതുജനത്തിന് ആവശ്യത്തിന് പണം എടിഎമ്മുകളിലൂടെ ലഭ്യമാകുന്നത് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് പിഴയീടാക്കാനുള്ള തീരുമാനമെടുത്തതെന്ന് ആർ.ബി.ഐ. പുറത്തിറക്കിയ സർക്കുലറിൽ പറയുന്നു. യഥാസമയം പണം നിറയ്ക്കാത്തതിനെ തുടർന്ന് പ്രവർത്തനരഹിതമായി കിടക്കുന്ന എടിഎമ്മുകളെ കുറിച്ച് അവലോകനം നടത്തിയെന്നും ഇത് പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്നുണ്ടെന്നുമുള്ള വിലയിരുത്തലിലാണ് നടപടി.

അതിനാൽ ബാങ്കുകൾ, എടിഎം ഓപ്പറേറ്റർമാർ എന്നിവർ എടിഎമ്മുകളിൽ പണത്തിന്റെ ലഭ്യത നിരീക്ഷിക്കുകയും പണലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി തങ്ങളുടെ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്ന് ആർ.ബി.ഐ പറയുന്നു. ഇതുമായി ബന്ധപ്പെട്ട ലംഘനങ്ങളെ ഗൗരവത്തോടെ സമീപിക്കുമെന്നും പിഴ ഈടാക്കുമെന്നും ആർ.ബി.ഐ. വ്യക്തമാക്കുന്നുണ്ട്. landwaynews.com


ഒക്ടോബർ ഒന്നുമുതൽ പിഴ ഈടാക്കുന്നത് നിലവിൽ വരും. മാസത്തിൽ പത്തുമണിക്കൂറിൽ കൂടുതൽ സമയം എടിഎം കാലിയായാൽ പതിനായിരം രൂപ പിഴയീടാക്കും. വൈറ്റ് ലേബൽ എടിഎമ്മുകളുടെ കാര്യത്തിൽ ആ ഡബ്ല്യു. എൽ.എയ്ക്ക് പണം നൽകുന്ന ബാങ്കിനായിരിക്കും പിഴ ചുമത്തുക.

## പോലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ



**റി**സോർട്ട് റെയ്ഡിന്റെ പേരിൽ കൈക്കൂലി ആവശ്യപ്പെട്ടെന്ന പരാതിയിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ. മുൻ ആറ്റിങ്ങൽ ഡി.വൈ. എസ്.പി. എസ് വൈ സുരേഷിനെയാണ് അന്വേഷണ വിധേയമായി സസ്പൻഡ് ചെയ്തത്.

പരാതിയുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തെ തുടർന്ന് വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥനെതിരെ നടപടി. കടക്കാവൂർ പോക്സോ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്നു സുരേഷ്




## ഇനി വാക്സിൻ സ്വന്തം വാർഡിൽ നിന്ന് എടുക്കാം

**കേ**രളത്തിൽ കൊവിഡ് വാക്സിൻ സ്വീകരിക്കുന്നതിന് പുതിയ മാർഗരേഖ പുറത്തിറക്കി ആരോഗ്യവകുപ്പ്. വാക്സിനെടുക്കാൻ ഇനി മുതൽ സ്വന്തം തദ്ദേശ സ്ഥാപനത്തിലെ വാർഡിൽ തന്നെ ബുക്ക് ചെയ്യണമെന്നാണ് നിർദേശം. വാക്സിൻ വിതരണത്തിനായി വാർഡ് തലത്തിൽ മുൻഗണന പട്ടിക തയാറാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി.

ഓരോ കേന്ദ്രത്തിലും ലഭിക്കുന്ന വാക്സിൻ പകുതി ഓൺലൈൻ രജിസ്ട്രേഷൻ വഴിയും പകുതി സ്പോട്ട് രജിസ്ട്രേഷൻ വഴിയും ബുക്ക് ചെയ്യണം. 60 വയസ് കഴിഞ്ഞവർക്കും 18 വയസ് കഴിഞ്ഞ കിടപ്പ് രോഗികൾക്കും രണ്ടാം ഡോസ് വാക്സിൻ സ്പോട്ട് രജിസ്ട്രേഷനിലൂടെ ലഭിക്കും. താമസിക്കുന്ന തദ്ദേശ സ്ഥാപനത്തിന് പുറത്തെ വാക്സിനേഷൻ കേന്ദ്രത്തിൽ സ്ലോട്ട് ബുക്ക് ചെയ്യുന്നതിന് തടസമില്ല. എന്നാൽ അതത് തദ്ദേശ സ്ഥാപനങ്ങളിലുള്ളവർക്കാകും മുൻഗണന. സർക്കാർ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇതര രോഗങ്ങളുള്ള 18 വയസിന് മുകളിലുള്ളവർക്ക് ആദ്യ ഡോസ് വാക്സിൻ സ്പോട്ട് രജിസ്ട്രേഷനിലൂടെ ലഭിക്കും. മറ്റുള്ളവരെല്ലാം കൊവിൻ പോർട്ടലിനൊപ്പം തദ്ദേശ സ്ഥാപനത്തിലും രജിസ്റ്റർ ചെയ്യണം. landwaynews.com

EDITORIAL BOARD
*CHIEF EDITOR:*
Dr. Santhosh Pandalam,
*EDITORS:*
Sherly Santhosh,
Dr. Jipson Lawrance,
(Delhi Edition)
**Sub Editors**
Joy Varghese Elanthoor,
Rajesh John,
Stanly Kizhakkedath
**Associate Editors:**
Shiju John Samuel,
Pratheep Thomas,
*ADVERTISING AND CIRCULATION*
Dr. Jess Paul,
*MEDIA TECHNICIAN'S HEAD*
Evg. Josin Samuel,
*SOCIAL MEDIA INFLUENCER*
Tengsy Thomas,

*ADVISORY BOARD:*
Godwin Y. D • Shibu Paippad •
Mohan George •
Shibu Mullamkattil •
Thomas Palakkuzhy •
Jacob Kottarakkara •
Fr. Dicruz Kandamangalam,

LEGAL ADVISOR
Adv. S. Pramod, NTA

*REPORTERS:*
UAE Coordinator & Reporter
Duglas Joseph
USA Coordinator & Reporter
Sajan George (USA), Philedelphia
Avinash Thankachan (USA)
Biju Daniel (Southampton, UK)
Daniel Eppachan (AUSTRALIA)
Das P. Vilakudy (SHARJAH)
Siby George (DUBAI)
Sheena Sonu (ABUDHABI)
Bose B Varghese (BAHRAIN)
Jobin Gilgal (KUWAIT)
Simon John Mathew (Alappuzha)
REPORTING AND MARKETING
Sunil Pathanapuram

**Our Address:**
LANDWAY NEWS,
Post Box No: 1,
Pandalam P.O.,
Pathanamthitta Dist,
Kerala, India.
Pin: 689501.
Phone: +91 9447440441,
email: landwaynews@gmail.com,
www.facebook.com/land-waynewspaper
www.landwaynews.com

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

**Yearly Subscription**
INDIA: Rs. 730
USA: Dollars - 100
Canada: Dollars 120
UK: Pounds - 50
Gulf: Rs. 6000

വരിസംഖ്യ?
ലാൻഡ്‌വേ യുടെ വരിസംഖ്യകളും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India.


*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

# മദ്യശാലകളിലെ ആൾക്കൂട്ടം നിയന്ത്രിയക്കാൻ സാധിച്ചില്ലെങ്കിൽ അടച്ചിടണമെന്ന് ഹൈക്കോടതി




**ജ**നങ്ങൾക്ക് മാന്യമായി മദ്യം വാങ്ങാൻ സൗകര്യമൊരുക്കണമെന്നും മദ്യം വാങ്ങാൻ എത്തുന്ന ജനങ്ങളെ പകർച്ച വ്യാധികൾക്ക് മുന്നിലേക്ക് വിടാനാകില്ലെന്നും കോടതി വ്യക്തമാക്കി. മദ്യ വിൽപ്പനശാലകളിലെ അടിസ്ഥാന സൗകര്യമില്ലായ്മ പരിഹരിക്കാത്തതിൽ കോടതി സർക്കാരിനെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു. ഒന്നുകിൽ ആൾക്കൂട്ടത്തെ നിയന്ത്രിക്കുക അല്ലെങ്കിൽ പൂർണമായും അടച്ചിടുക എന്നതാണ് മുന്നിലുള്ള മാർഗ്ഗം. മദ്യം വാങ്ങാൻ എത്തുന്നവർക്ക് അസുഖം വന്നോട്ടെയെന്ന് കരുതാനാകില്ലെന്നും മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്ത അവസ്ഥയാണെന്നും കോടതി നിരീക്ഷിച്ചു. landwaynews.com

മദ്യശാലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകി. സൗകര്യങ്ങളില്ലാത്ത മദ്യ ഷോപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണെന്ന് സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കി. സൗകര്യമില്ലെന്ന് കണ്ടെത്തിയ ഷോപ്പുകൾക്ക് എല്ലാം അനുമതി നൽകിയത് എക്സ്സൈസ് കമ്മീഷണറാണെന്നും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ രണ്ടു മാസം വേണമെന്നും ബെവ്കോ അറിയിച്ചു. സെപ്




സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക്

# ഓണത്തിന് ബോണസും ഉത്സവബത്തയും നൽകാൻ തീരുമാനം

**സം**സ്ഥാനത്ത് ഇത്തവണ സർക്കാർ ജീവനക്കാർക്ക് ഓണത്തിന് ബോണസ് നൽകുന്നതിൽ ഉണ്ടായിരുന്ന അവ്യക്തത നീക്കം ചെയ്ത് ധനമന്ത്രി. സർക്കാർ ജീവനക്കാർക്ക് ഓണത്തിന് ബോണസും ഉത്സവ ബത്തയും നൽകുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അറിയിച്ചു. landwaynews.com

മുൻകാലങ്ങളിൽ നൽകിയ പോലെ ഇത്തവണയും നിശ്ചിത ശമ്പള പരിധിയിലുള്ള ജീവനക്കാർക്ക് ബോണസ് നൽകും. ഓണത്തിന് ശമ്പളവും അഡ്വാൻസും നൽകുന്ന പതിവുണ്ടായിരുന്നു പക്ഷെ ഇത്തവണ ഓണത്തിന് ശമ്പള അഡ്വാൻസ് നൽകില്ലെന്നും ധനമന്ത്രി അറിയിച്ചു.

# 53 കോടിയുടെ ഹെറോയിൻ ഷാംപു കുപ്പിയിൽ ഒളിപ്പിച്ച് കടത്താൻ ശ്രമം



**53** കോടി രൂപ വിലവരുന്ന ഹെറോയിൻ ഷാംപു കുപ്പികളിലാക്കി കടത്താൻ ശ്രമിച്ച രണ്ട് പേർ ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പിടിയിൽ.

അഫ്ഗാൻ സ്വദേശികളായ യാത്രക്കാരാണ് കസ്റ്റംസിന്റെ പിടിയിലായത്. എട്ട് കിലോ ഹെറോയിനാണ് ഷാംപു കുപ്പികളിലാക്കി കടത്താൻ ശ്രമിച്ചത്. ഹെയർ കളറിന്റെ 30 കുപ്പികളിലും ഷാംപുവിന്റെ രണ്ട് കുപ്പികളിലുമാണ് ഇവർ ഹെറോയിൻ കടത്താൻ ശ്രമിച്ചത്. ടെഹ്റാനിൽ നിന്ന് ദുബായ് വഴി ഇന്ത്യയിലേക്ക് എത്തിയതാണ് ഇവർ. ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം വഴി കുറച്ച് നാളുകളായി കള്ളക്കടത്ത് പതിവായിട്ടുണ്ടെന്ന് കസ്റ്റംസ് ഉദ്യോഗസ്ഥർ പറയുന്നു. landwaynews.com

2020 ഡിസംബറിനും 2021 ജൂണിനുമിടയിൽ 600 കോടി രൂപ വിലവരുന്ന ഹെറോയിനാണ് പിടിച്ചെടുത്തത്. ഈ കാലയളവിൽ 14 കേസുകളിലായി 19 വിദേശികളേയും രണ്ട് ഇന്ത്യക്കാരേയും അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും കസ്റ്റംസ് വ്യക്തമാക്കി.

# യാത്ര നിയമങ്ങൾ കർശനമാക്കി ഓസ്ട്രേലിയ

## അതായത് രാജ്യം വിടാൻ ആഗ്രഹിക്കുന്ന ആർക്കും ഓസ്ട്രേലിയൻ പ്രദേശം വിട്ടുപോകേണ്ടതിന്റെ നിർബന്ധിത കാരണം ഉണ്ടെന്ന് ബോർഡർ ഫോഴ്സ് കമ്മീഷണറോട് കാണിക്കേണ്ടതായി വരും

**ഇന്ന്** മുതൽ യാത്ര നിയമങ്ങൾ കർശനമാക്കിയിരിക്കുകയാണ്.വിദേശത്ത് താമസിക്കുന്ന ഓസ്ട്രേലിയൻ പൗരന്മാർക്ക് രാജ്യം വിടാൻ അനുമതി ആവശ്യമാണെന്നാണ് പുതിയ നിയമം.കോവിഡ് – 19 പകരുന്നത് തടയാൻ സഹായിക്കുന്ന അടിയന്തര ബയോസെക്യൂരിറ്റി നിയമങ്ങളുടെ ഭാഗമാണ് ഈ മാറ്റം. landwaynews.com

അതായത് രാജ്യം വിടാൻ ആഗ്രഹിക്കുന്ന ആർക്കും ഓസ്ട്രേലിയൻ പ്രദേശം വിട്ടുപോകേണ്ടതിന്റെ നിർബന്ധിത കാരണം ഉണ്ടെന്ന് ബോർഡർ ഫോഴ്സ് കമ്മീഷണറോട് കാണിക്കേണ്ടതായി വരും.മുമ്പ്, വിദേശത്ത് താമസിക്കുന്ന ഓസ്ട്രേലിയക്കാരെ പോകാൻ അനുമതി ആവശ്യപ്പെടുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഇപ്പോൾ മടങ്ങിവരുന്ന ആർക്കും -ഒരു ഇളവിനുള്ള അടിസ്ഥാനം പാലിച്ചില്ലെങ്കിൽ, വീണ്ടും പോകാൻ യാന്ത്രികമായി അനുമതി നൽകില്ല.അതായത് വിദേശ ഡ്രൈവിങ് ലൈസൻസ്, കരാർ, ഒരു തൊഴിലുടമയുടെ കത്ത് എന്നിവയുൾപ്പെടെയുള്ള രേഖകളിലൂടെ അവർക്ക് വിദേശത്ത് സ്ഥാപിതമായതും സ്ഥിരതാമസമാക്കിയതുമായ വീട് ഉണ്ടെന്ന് തെളിയച്ചാൽ മാത്രം യാത്രക്ക് അനുമതി ലഭ്യമാകും കൊറോണവൈറസ് ബാധ കാരണം 2020 മാർച്ച് മുതൽ ഓസ്ട്രേലിയക്കാരുടെ വിദേശയാത്ര നിരോധിച്ചിരിക്കുകയാണ്.

ഫെഡറൽ സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിൽ മാത്രമേ ഓസ്ട്രേലിയൻ പൗരന്മാർക്കും പെർമനന്റ് റെസിഡന്റ്സിനും വിദേശത്തേക്ക് പോകാൻ കഴിയൂ. എന്നാൽ പതിവായി വിദേശത്ത് ജീവിക്കുന്ന ഓസ്ട്രേലിയൻ പൗരന്മാർക്കും പെർമനന്റ് റെസിഡന്റ്സിനും ഈ നിയന്ത്രണം ബാധകമല്ലായിരുന്നു. പ്രത്യേക അനുമതിയൊന്നും കൂടാതെ തന്നെ സ്ഥിരതാമസമാക്കിയ രാജ്യത്തേക്ക് പോകാൻ അവർക്ക് കഴിയുമായിരുന്നു.




END TIME RADIO
English,
Malayalam,
Tamil
& Hindi
24/7 Christian
Radio Network
Now Available in
Christian songs unlimited
Christian Short messages
Motivational sermons
Uplifting talks & so on...
Stream inside outside or anywhere you go!
Computer
Smart Phone
Tablet
Wireless Speaker
Smart TV
Car-media player
and more
It's Absolutely
Free!!
Download now
GET IT ON Google Play
DOWNLOAD ON THE App Store
visit us: theendtimeradio.com
endtimeradio 24x7

KERALA Edition
LANDWAY NEWS
Published From Pathanamthitta | Kerala Edition
Volume No. 1 | Issue No. 224 | Page No. 4
SCAN TO READ ONLINE
www.landwaynews.com
FOR CONTACT:
Landway News,
Olive Thottathil, Thumpamon P. O,
Pathanamthitta Dist, Kerala, India
Pin - 689502
Volume No.1 • Issue No. 224 Yearly Subscription: INR 730/- • Published From Pathanamthitta • Mail: landwaynews@gmail.com • WhatsApp: +91 9447440441.




## വധുവിനെ വശ്യമുണ്ട്

പത്തനംതിട്ട ജില്ലയിലെ സമ്പത്തിക ഭദ്രതയുള്ള ഓർത്തഡോക്സ് കുടുംബത്തിൽ നിന്നും (ഏക മകൻ) ഒറ്റക്ക് പെന്തെക്കോസ്ത് വിശ്വാസത്തിൽ (38/180 cm) കമ്പ്യൂട്ടർ ഡിപ്ലോമ പഠിച്ച വരന് വിശ്വാസികളായ വധുവിന്റെ ബന്ധുമിത്രാധികളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. landwaynews.com

ഫോൺ: +91 9961276199

## മകൻ പിതാവിനെ കുത്തി കൊന്നു

**കൊല്ലം:** മദ്യലഹരിയിൽ മകൻറെ കുത്തേറ്റ് പിതാവ് മരിച്ചു. കിളികൊല്ലൂർ ശ്രീമംഗലത്ത് വീട്ടിൽ കൃഷ്ണൻകുട്ടി ചെട്ടിയാർ (57) ആണ് മരിച്ചത്. സംഭവത്തെ തുടർന്ന് മകൻ മണിക്കുട്ടൻ (31)നെ കിളികൊല്ലൂർ പോലീസ് അറസ്റ്റ് ചെയ്തു.പുലർച്ചെയോടെയായിരുന്നു സംഭവം നടന്നത് . നെഞ്ചത്തും കണ്ണിനു താഴെയും കുത്തേറ്റ പിതാവിനെ ഉടൻ തന്നെ ജില്ലാ ആശുപത്രിയിലെത്തിച്ചു. സ്ഥിതി ഗുരുതരമായതിനാൽ പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## കേരള പത്രപ്രവർത്തക അസോസിയേഷൻ ഓഫീസ് ഉദ്ഘാടനം ചെയ്തു



**തിരുവനന്തപുരം:** കേരള പത്ര പ്രവർത്തക അസോസിയേഷന്റെ നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനം അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ബേബി കെ ഫിലിപ്പോസ് നിർവ്വഹിച്ചു. നേരത്തെ കാട്ടാക്കടയിൽ പ്രവർത്തിച്ചുവന്നിരുന്ന ഓഫീസ് കഴിഞ്ഞ 3 വർഷമായി തിരുവനന്തപുരം സെക്രട്ടറിയേറ്റിന് സമീപം എം.ടി. വി ചാനൽ ഓഫീസ് സമുച്ചയത്തോടൊപ്പം സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകായിരുന്നു. ഇത് അടുത്തിടെ നാവികരിച്ചിരുന്നു. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനമാണ് സംസ്ഥാന പ്രസിഡന്റ് ജി ശങ്കറിന്റെ ആദ്യക്ഷതയിൽ നടന്ന യോഗത്തിൽ വച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ബേബി കെ ഫിലിപ്പോസ് നിർവ്വഹിച്ചത്. landwaynews.com


അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മധു കടുത്തുരുത്തി സ്വാഗതവും, അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗവും, എംടിവി മാനേജിഗ് ഡയറക്ടറും ആയ സൂര്യദേവ് ആമുഖ പ്രഭാഷണവും നിർവ്വഹിച്ചു.

## അധ്യാപികയുടെ വാട്ട്സാപ്പ് അക്കൗണ്ട് സ്വന്തം ഫോണിലാക്കി വിദ്യാർത്ഥി

**ഹൈസ്കൂൾ** വിദ്യാർത്ഥികളുടെ ഓൺലൈൻ ക്ലാസിനിടെയാണ് സംഭവം. ക്ലാസ് എടുക്കുന്നതിനിടെ അധ്യാപിക സ്ക്രീൻ ഷെയർ ചെയ്തതാണ് വിനയായത്. landwaynews.com

അധ്യാപികയുടെ ഫോണിലേക്ക് വരുന്ന നോട്ടിഫിക്കേഷനുകൾ എല്ലാവർക്കും കാണാമായിരുന്നു. ഇതോടെ അധ്യാപികയുടെ ഫോൺ നമ്പർ ഉപയോഗിച്ച് വിദ്യാർത്ഥി സ്വന്തം ഫോണിൽ വാട്സാപ്പ് അക്കൗണ്ട് എടുത്തു. അധ്യാപികയുടെ ഫോണിൽ എത്തിയ ഒടിപി സ്ക്രീനിന് മുകളിൽ തെളിഞ്ഞു. ഇത് വിദ്യാർത്ഥി ഉപയോഗിക്കുകയായിരുന്നു.

ക്ലാസ് കഴിഞ്ഞു വാട്സാപ് തുറന്നപ്പോഴാണു സ്വന്തം ഫോണിൽ വാട്സാപ് പ്രവർത്തനരഹിതമായത് അധ്യാപിക അറിഞ്ഞത്. അധ്യാപിക ഉടൻ സൈബർ പൊലീസിൽ പരാതി നൽകി. ക്ലാസിൽ പങ്കെടുത്ത വിദ്യാർഥികളുടെ മൊബൈൽ ഫോൺ പരിശോധിച്ചപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്. പ്രതി വിദ്യാർഥിയാണെന്നു തിരിച്ചറിഞ്ഞതോടെ അധ്യാപിക പരാതി പിൻവലിച്ചു.





## നിര്യാതരായി (OBITUARY)



**കൊട്ടാരക്കര:** കിഴക്കേത്തെരുവ് ചാമക്കാല പുത്തൻവീട്ടിൽ കോശി തോമസ് (97) നിര്യാതനായി. സംസ്ക്കാരം കഴിഞ്ഞു. landwaynews.com



**പറക്കോട്:** ഐ.പി.സി പുതുമല സഭാംഗം ഇടവിളയിൽ തങ്കമ്മ ഡേവിഡ് (84) നിര്യാതയായി. സംസ്ക്കാരം പിന്നീട്. ഭർത്താവ് പരേതനായ ഫിപ്പോസ് ഡേവിഡ്. മക്കൾ: ജോസൺ ഡേവിഡ്, ഏലിയാമ്മ പോൾ, അമ്മിണി സാം, ജെയിംസ് ഡേവിഡ്, തമ്പാൻ ഡേവിഡ്, ജോസഫ് ഡേവിഡ്, സിബി ഡേവിഡ്;മരുമക്കൾ: പരേതയായ ഷേർലി ജോൺസൺ, പരേതനായ പോൾ, സാം വർഗ്ഗീസ്, സുമി ജെയിംസ്, ഉഷ തമ്പാൻ, ഡെയ്സി ജോസഫ്, ലിജി സിബി.







**തിരുവനന്തപുരം:** അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സീനിയർ ശുശ്രൂഷകൻ വീഴവൂർ വടക്കേവിള വീട്ടിൽ പാസ്റ്റർ ജെ വില്യം (75) നിര്യാതനായി. സംസ്ക്കാരം ഇന്ന്.ഭാര്യ: തങ്കം; മക്കൾ: പാസ്റ്റർ ജോൺ വിക്ലിഫ്, ജോൺ വിന്നർ, എറിൻ ജോണി; മരുമക്കൾ: ദീപ, സൗമ്യ, ജോണി.

അട്ടച്ചാക്കൽ: കല്ലുപാലത്തിങ്കൽ സുനിൽ കുമാർ (53) നിര്യാതനായി.ഭാര്യ: രമ; മക്കൾ: ലക്ഷ്മി, ജയകൃഷ്ണൻ; മരുമകൻ: രതീഷ്.

**വെൺമണി:** തട്ടാരുപറമ്പിൽ ജി.വിശ്വനാഥൻ (69) നിര്യാതനായി. സംസ്ക്കാരം കഴിഞ്ഞു. ഭാര്യ: പരേതയായ മണി; മക്കൾ: സിനി, സുജ, സിജി; മരുമക്കൾ: വിശ്വംഭരൻ, പ്രമോദ്, അനീഷ്.

**കിളിമാനൂർ:** പാങ്ങൽത്തടം തുണ്ടിൽ വീട്ടിൽ പരേതനായ ബാബുവിന്റെ ഭാര്യ ലേജു (53) നിര്യാതയായി.മക്കൾ: അബ്ജ, അർജുൻ;മരുമകൻ: അക്കാസ്.

**ചാരുംമൂട്:** ചുനക്കര നടുവിൽ പാലത്തടത്തിൽ ശ്രീഭവനത്തിൽ രാമചന്ദ്രൻ (75) നിര്യാതനായി. ഭാര്യ: രത്നമ്മ; മക്കൾ: രാധാകൃഷ്ണൻ, രാജീവൻ, രമണി.





Published and owned by Santhosh Pandalam, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.